# ദേശസേവിക

ഒന്ന്

ഭൂവിതിന്നിരുളടിച്ചു നീക്കുമ–
ബ്ബാലഭാനുവിനെ നോക്കിയേകയായ്
ഓടുമേഞ്ഞ കുടിലിന്റെ തിണ്ണയിൽ–
ച്ചാരിനില്പിതൊരുകാലിലോമലാൾ. 1

മൂകമസ്സദനമാർന്ന മേൽപ്പുര–
ക്കോടിതന്നിടതുതുമ്പിലുണ്ടതാ,
ദീനമായ്ക്കുറുകിടുന്നൊരമ്പല–
പ്രാവ–തിന്നിണ മറഞ്ഞതെങ്ങുവാൻ? 2

ചാണകം മെഴുകിയിട്ടിരിക്കയാം
നാലുകോൽച്ചതുരമാകുമങ്കണം;
ആയതിൻകരളിലുണ്ടൊരോമന–
പ്പൂവണിഞ്ഞ ചെറുപിച്ചകത്തടം. 3

കൊച്ചുപൂവിനെ, വിരണ്ടു ചുറ്റിടും
ഷട്പദം മികവൊടുമ്മവെയ്ക്കവേ
ഉച്ചലിച്ചു ചെടി കണ്ട സാധ്വിത–
ന്നക്ഷിയെന്തിനു നിറഞ്ഞു കോമളം? 4

''പോയ്‌വരുംവരെയെടുത്തുവെയ്ക്കുകെ'–
ന്നേകിയോരു ചുടുചുംബനം, വിഭോ,
ആകുമേ തവ വിശുദ്ധജീവിത–
സ്മാരകം കരുതിയില്ലിതന്നു ഞാൻ.'' 5

വീർത്തിതോമന സുദീർഘമപ്പൊഴൊ–
ന്നോ;ർത്തുപോയ്പ്പലതുമെന്തിനെന്നിയേ:
പോയ വർഷമവളാത്മനാഥനൊ–
ത്തീ ഗൃഹത്തിൽ വിഹരിച്ച നാളുകൾ! 6

''പാവനപ്രണയശുദ്ധചിത്തയാം

മാനിനിയ്ക്കു സഹനീയമാകുമോ,
നാഥനോടു പിരിയേണ്ടിവന്നതാം
ശാപദുഷ്ടമൊരിഴഞ്ഞ ജീവിതം! 7

'മാരനെയ്ത കണയാൽ മുറിഞ്ഞിതോ
പൂവലംഗി, തളിർ തോറ്റ നിൻ ചൊടി?
ഖേദിയായ്ക, നിണമൊപ്പിടാം ഹിതം–
പോലെയെന്റെ കവിളത്തുതാൻ പ്രിയേ!' 8

കാന്തനെന്നെ മടിയിൽക്കിടത്തിയി–
സ്വാന്തമാധുരി പകർന്നു നൽകവേ,
ഭ്രാന്തമായ് പ്രണയമൂർത്തമെൻ മനം
ശാന്തമഗ്ഗതസുവാസരങ്ങളിൽ. 9

ചിത്രവർണ്ണപതഗാരവോന്മിഷൽ–
പുഷ്പകീർണ്ണമധുമാസസന്ധ്യകൾ
വന്നുനിന്നയവിറക്കുമിന്നു,മ–
ന്നെങ്ങൾ മൂളിയൊരു രാഗഗീതികൾ. 10

ഹാ,വരണ്ടു മധുരിച്ച മുന്തിരി–
ച്ചാറുപോലെ മദദായകം സുഖം,
നാളെ വീണു തകരേണ്ടുമെന്റെ മൺ–
പാനപാത്രമഴലാൽത്തുളുമ്പുവാൻ! 11

ഇക്കനത്ത മിഴിനീർക്കുടം ചുമ–
ന്നെത്ര നാളിനിയലഞ്ഞു കേഴണം,
കുറ്റിരുട്ടിൽ മറവാർന്നൊരീ വഴി–
യ്ക്കുറ്റ കൈകളുടെ താങ്ങലറ്റു ഞാൻ!'' 12

താണുയർന്നിതു ജവേന, പീനമാം
മാറൊരുൽബ്ബണവിചാരവീചിയാൽ;
പാറിനിൽക്കുമളകം വിയർപ്പിനാൽ
വീണുപറ്റി; മിഴിയൊപ്പിനാളവൾ. 13

മാതൃഭൂമിയെ വിമുക്തയാക്കുവാൻ
വീറൊടേറ്റടരിലാർ മരിച്ചുവോ,

ആസ്സുധീരപതിതൻ ചരിത്രമോർ–
ത്തോർത്തുറച്ചിതൊടുവോമലീവിധം: 14

‘‘ഉജ്ജ്വലാമലപതിവ്രതാത്വമേ,
തൃപ്തികൊൾക; മമ ഭാവിജീവിതം,
നിശ്ചയിച്ചു, കണവൻ ഭജിച്ചൊരീ
നാട്ടിനായ് ദൃഢമുഴിഞ്ഞുവെയ്ക്കുവാൻ.’’ 15

പൊങ്ങിയപ്പൊഴുതൊരൊച്ചയാ മുറി–
യ്ക്കുള്ളിൽനിന്ന,തു ലയിച്ചു തെന്നലിൽ;
ഞെട്ടിയോമന, കുതിച്ചുചെന്നിത,
‘‘പ്പൂച്ച പാൽക്കലമുടച്ചിരിയ്ക്കുമോ!’’ 16

രണ്ട്

ശാന്തിതൻ മധുരഗാനവീചിയും
കാന്തിതൻ രുചിരഹാസഫേനവും
ഏന്തിവന്നു കുളിർ വീശിയോമലി–
ന്നാന്തരാത്മനി ദിനേന ചർക്കകൾ. 1

കോമളാംഗിയനുവാസരം മുദാ
നൂലെടുത്തിതഭിമാനപൂർണ്ണയായ്;
ധീരമെന്തിനു മരിച്ചു കാന്ത,ന–
മ്മാതൃപൂജയിൽ നിലീനയല്ലി താൻ? 2

ചർക്കയങ്ങിനെ കറങ്ങുമൊച്ചയിൽ–
ത്തത്തിനിന്നിതൊരു സാന്ദ്രസൗഹൃദം,
ആത്മനാഥഹൃദയാനുവർത്തനം
ചേർത്തിടും നവനവോന്മിഷത്സുഖം. 3

ഹാ,രസാലുരുളുരയ്ക്കു,മൂക്കിൽ നീ–
ണ്ടേറിടും പുതിയ നൂലൊടീവിധം;
‘‘നേരിടുന്നിതു പുരോഗതിയ്ക്കു വൈ–
കാരികം പിരിമുറുക്കമെപ്പൊഴും.’’ 4

ജീവിതാശകൾ തദന്തരീക്ഷസീ–

മാവിലൊട്ടിടയുദിച്ചു പൊന്തിടും;
പാവമോമൽ നിറയുന്ന കണ്കളെ–
ബ്ഭാവിശൂന്യതയിലാഴ്ത്തി മേവിടും. 5

തോഴിമാരുടെ മുഖത്തു കണ്ടിത–
ക്കാലമോമ,‘‘ലിവളെന്തിനിപ്പൊഴും
പൂവിനാൽ,പ്പുതിയ ഭൂഷണങ്ങളാൽ,–
ച്ചേലിലുർവ്വശി ചമഞ്ഞു നിൽക്കണം?’’ 6

നോട്ടമപ്പൊഴുതൊരശ്രുബിന്ദുവാ–
ലാർദ്രമാകെയവളോർക്കുമിങ്ങിനെന:
‘‘ഈയുടുപ്പു ചളിയാർന്നു കാണ്കില–
ന്നാ മനസ്സു പിടയും ദിനേ ദിനേ....’’ 7

പോകുമദ്ദിനകരന്റെ മാറിലെ–
ച്ചൂടിനാൽ സ്മൃതി നിറഞ്ഞൂവിങ്ങവേ
ഹാ,തുടുത്തു മുകി,ലാ മുഖത്തിതാ,
നീരുറന്നു, നെടുവീർപ്പു–മെന്തിനോ! 8

മൂന്ന്

ചെന്തളിർക്കവിളിലശ്രുബിന്ദു പൂ–
ണ്ടന്തി വന്നു വിടവാങ്ങി പിന്നെയും
സ്വന്തമാം കുറവസഹ്യമാവതാ,–
ഹന്ത പാരനുതപിച്ചിടുമ്പൊഴാം. 1

ആ മനോഹരിയിരിക്കയാണു തൻ
പൂമുഖത്തറയിലിട്ട കട്ടിലിൽ
തൂമലർത്തുടർ കൊരുത്തു തിങ്കൾതൻ
കോമളാഭയിലലിഞ്ഞനാമയം. 2

കാളിയൊന്നവ – ളയൽത്തൊടിയ്ക്കകെ–
ത്താളനക്ക,മിതപൂർവ്വസംഭവം;
പാളി നോക്കുവതുമുണ്ടു ദീപ്തി:യ–
ച്ചാള മർത്ത്യനധിവാസയോഗ്യമോ! 3

പിന്നെയാണവളറിഞ്ഞത,ങ്ങൊരാൾ
വന്നുചേർന്ന കഥ രാജകിങ്കരൻ,
ചെന്നിറത്തിലവനിട്ട തൊപ്പിതൻ
ചെന്നിയിങ്ക'ലെഴുപത്തിമൂന്നു'മായ്. 4

ഈച്ചരിത്രമറിവാകെയമ്മുഖം
ചോത്തു:നാട്ടിനു വിമുക്തി ചേർക്കുവാൻ
ആർത്തിരച്ച യുവലോകഹൃത്തിൽ വൻ–
തോക്കൊഴിച്ച കൊലയാളിയാണവൻ! 5

അന്നൊരിയക്കലവളോടു ചോദ്യമാ–
യമ്മ,''യാരവിടെ; നീയറിഞ്ഞുവോ?''
''ഞാനറിഞ്ഞു,'' മകളോതി,''യന്തകൻ,
നാടുവിറ്റ നെറികെട്ട വഞ്ചകൻ!'' 6

തൊട്ട വീടുകളിലാണി; –രുട്ടുമാ
വെട്ടവും സപദി മുട്ടിനിൽക്കവേ –
തിട്ടമാരറിവൂ! – രാഗദീപ്തിയാ–
ലൊട്ടിടയ്ക്കു പകരില്ലൊരന്തിയായ്! 7

നാല്

നീടെഴുന്നൊരു വിഭാത,മന്നു നീ–
രാടിയത്തരുണി പോന്നിടുംവഴി
മോടിയും സുഭഗകായകാന്തിയും
കൂടുമബ്ഭടനൊടേറ്റുമുട്ടിനാൾ. 1

നിന്നുപോയവരനങ്ങിടാതെയും,
മിന്നുമക്ഷികളുരഞ്ഞു ചിന്നിയും,
ഒന്നുരച്ചു വഴിമാറിവെയ്ക്കുവാ–
നുന്നിയാൽച്ചൊടി ചലിച്ചിടാതെയും. 2

''നിങ്ങൾ?''എന്തി''തെ,ഴുപത്തിമൂന്നു''ടൻ
നിന്നുപോയ,വളുലഞ്ഞു ചെല്ലിനാൾ:
''നിങ്ങളാൽച്ചില ഭടർക്കെഴും കൊടും–
നിന്ദകൾക്കൊരിരയായ്ച്ചമഞ്ഞവൾ. 3

ജന്മഭൂമിയെ വിദേശിയാം നുക–
ത്തിന്നു കെട്ടുമതിനീചമാം തൊഴിൽ
നിങ്ങൾ ദുർഭഗർ തുടർന്നുപോകയാ–
ണിന്നു ചാൺവയർ നിറച്ചുകൊള്ളുവാൻ. 4

ആരനീതിയൊടു പോരടിയ്ക്കെ നി–
സ്സാരമെന്നുയിർ മറന്നു നിന്നുവോ,
വീരനപ്രിയതമന്റെ പേരിലി–
പ്പാരിനെപ്പരിചരിച്ചു വാഴ്‌വു ഞാൻ. 5

നീചമാകുമടിമത്തമിത്ര നി–
സ്സീമഭക്തിയൊടു ചൂടിടുന്നവർ,
നിങ്ങൾ മാതൃമഹിനിന്ദയെക്കലാ–
ഭംഗിയാക്കുമതിബുദ്ധിശാലികൾ!'' 6

സാരസാക്ഷി കലിപൂണ്ടു; ചിത്തമോ
പാരമുച്ചലിതമായി തേങ്ങലാൽ;
നേരതബ്ഭടനറിഞ്ഞുവോ, മുഖ–
ത്തേറിയൊട്ടൊരു വിളർപ്പവന്നുമേ! 7

ഓതുവാൻ  പണി,യുടൻ നതാംഗിയ–
ബ്ഭൂപഭൃത്യനൊടുരച്ച വാക്കുകൾ;
ആ മഹാന്നു ഹിത,മാവിപഞ്ചിമേ–
ലാകിലുച്ചതരമേതു രാഗവും! 8

ഹാ,വിചിത്രമിളകാതെ നില്ക്കയാം
തൂണുപോൽപ്പരമശാന്തനാമവൻ;
തീരെ മാറ്റി മതമന്നു സാധ്വിയാ,–
''ളാകെ നോക്കിടുകിലെത്ര നല്ലവൻ! 9

തോക്കൊഴിച്ചു ഭരതോർവ്വിപുത്രർതൻ
നേർക്കിവൻ– പശിയടക്കിടാവതോ!
ആർക്കു മൌലി കുനിയില്ല തന്മുഖം
പാർക്കി;–ലെന്തൊരു വിവേകിയിമ്മഹാൻ!'' 10

പോണപോക്കിലവളെന്തിനോ മിഴി–

ക്കോണെറിഞ്ഞു പുറകോട്ടു പിന്നെയും;
ചേണെഴും ചിരി പൊടിഞ്ഞു, വാശിയാൽ–
ച്ചേർന്നചുണ്ടിനെ നിനച്ചിടാതുടൻ. 11

കൺതുറിച്ചവിടെ നിന്ന നിൽപിലേ
കൺതുറിച്ചവിടെ നിൽക്കയാണവൻ;
‘‘പാവ,’’മോമന ശരിയ്ക്കു കണ്ടിത–
ക്കോമളന്റെ നിലവിൽ സ്വകാന്തനെ! 12

അഞ്ച്

ചിത്തഹാരിപരിശോഭയാർന്നുണ–
ർന്നെത്തിയപ്പഴയ പൂങ്കിനാവുകൾ;
പുത്തനാമിതൾ വിടർത്തു ജീവിതം
നൃത്തമാടി – ജയ ഭാഗ്യമേ,ചിരം! 1

നൂൽക്കുമൊപ്പമവർ പാട്ടുപാടിടും;
ലാത്തുമൊപ്പമവരൂയലാടിടും:
മൂത്തിതക്കളികളെങ്ങു തങ്ങളെ–
ന്നോർക്കുവാനുമരുതാത്തപോൽത്തുലോം. 2

പാലൊളിക്കുളിർമതിയ്ക്കു കീഴി,ല–
പ്പേലവാംഗിയൊരു പാതിരാത്രിയിൽ,
ശ്രീലമാൺകുയിലുണർന്നു ലോലമാ–
യാലപിയ്ക്കുമൊരപൂർവ്വവേളയിൽ, 3

വക്കിൽ വാരൊളി കലർന്ന രണ്ടു വെൺ–
കൊച്ചുകാറുകളിണങ്ങിയങ്ങിെ
വിസ്തൃതാമലനഭസ്സിലൂടെ പോം–
പോക്കിൽ നീലനയനം ചരിയ്ക്കവേ, 4

നാഥനാർന്ന വിരിമാർത്തടത്തിലെ–
സ്വേദസങ്കരിതരോമപാളിയിൽ
തൂവിരൽത്തുടുനഖങ്ങളെറ്റിയി–
ട്ടോതി വേണുനിനദത്തിലിങ്ങിനെന:  5

‘‘എന്റെ നാഥ, വെളിവായ് വിളിയ്ക്ക നീ–

യെന്റെ കാതിലുട,‘നെന്റെയോമനേ!’’
തന്റെ മാറിലെ നതാംഗിയെപ്പൂണർ–
ന്നുമ്മവെച്ചിതവ, ‘‘നെന്റെയോമനേ!’’ 6

ഓമലാൾക്കു ഭടനെന്നപോൽബ്ഭട–
ന്നോമലാളുമൊരഭേദ്യഭാഗമായ്;
ഹാ,മദിച്ചു മിഥുനങ്ങളുൽക്കട–
പ്രേമസാഗരതരംഗമാലയിൽ. 7

ആറ്

വിണ്ണിനുള്ള പുളകങ്ങളുൾത്തൃഷാ–
പൂർണ്ണമീയുലകു കണ്ട നാളുകൾ
മണ്ണടിഞ്ഞിതിരുൾ മൂടി നിൽക്കയാ–
യെണ്ണമറ്റ മുകിൽകൊണ്ടു വിണ്ടലം. 1

നാട്ടിലന്നൊരു കലാപ;–മെന്തുതാൻ
മാർഗ്ഗമബ്ഭടനു രക്ഷനേടുവാൻ?–
ആജ്ഞ കിട്ടിയവനും മഹാരണം
ചോപ്പിയറ്റിയ നിലത്തു ചെല്ലുവാൻ. 2

ഈറനാം മുടിയഴിച്ചു ചിന്നി,യാ–
മാറിൽ നേർത്തൊരു തുവർത്തുമുണ്ടുമായ്,
ചാരുദീപവുമെടുത്തുവ‘‘ന്നിതാ,
മാറുകെ’’ന്നവൾ വിളിച്ചു കൂവിനാൾ. 3

ദിക്കിരുണ്ടു മഴപെയ്യുമുഗ്രമ–
ക്കർക്കിടക്കൊടിമയാണ്ട സന്ധ്യയിൽ
തോക്കെടുത്തു ചുമലേറ്റിയബ്ഭടൻ
നോക്കിനിന്നു നിമിഷം വധൂടിയെ. 4

‘‘മാറിടാം,’’അവനടുത്തു തയ്യലിൻ
നേരെ; – യക്കമനി കണ്ടു കാന്തനെ;
‘‘പോകയോ?’’ കമനി കണ്ടിതപ്പൊഴ–
പ്പോർക്കുപോം ഭടനണിഞ്ഞ വേഷവും. 5

‘‘പോകയാണി, നി വരാം തിരിച്ചു ഞാൻ

പോരടങ്ങുകി,'' ലിറങ്ങിനാനവൻ;
നീളെയന്നനുഗമിച്ച, തയ്യലിൻ
നീണ്ട ദൃഷ്ടി നിറവാർന്നുപോയ് ക്ഷണാൽ. 6

ചീറിവന്നിതൊരു ചണ്ഡവാതമാ
വീടുടച്ചിടണമെന്ന ഹുങ്കുമായ്;
ഭീതയായവ;–ളണഞ്ഞു തന്നിളം–
പ്രാണനെന്നപടി മിന്നുമത്തിരി. 7

അന്തിയക്കുടിലിലിതയ്ക്കൽ വന്നുനി–
ന്നെന്തിനോ നെടിയ വീർപ്പയയ്ക്കവേ,
നൊന്തുനൊന്തു, കണവൻ പിരിഞ്ഞതേ
ചിന്തചെയ്തവളിരുന്നു നാൾക്കുനാൾ. 8

ചീറ്റിടുന്നു തെരുവിൽജ്ജനം കൊടും–
കാറ്റുപോൽദ്ധര പിടിച്ചുപറ്റുവാൻ,
പാറ്റപോൽപ്പിണമടിഞ്ഞിടുന്നു, തോ–
ക്കൂറ്റമാർന്നു മഴപോലിരമ്പവേ. 9

''പാരതന്ത്ര്യ;– മതിനെത്തകർക്കുവാൻ
ധീരധീരമണയും യുവത്വമേ,
നേരുവേൻ ജയ;–മീതേ മദീപ്സിതം:
നേരിലെൻപ്രിയനു മാപ്പുനൽകണേ!'' 10

പ്രാണനാഥനെ മനസ്സിലോർക്കു,മ–
പ്പീനമാമുദരമുറ്റുനോക്കിടും,
ചേലയാൽ മിഴി തുടയ്ക്കു:–മാരൊരാ–
ളോരുവാനവൾ സഹിച്ച സങ്കടം! 11

കത്തിടും നിനവുമായ്ക്കനത്തു നീ–
ണ്ടെത്തിടും ചില ദിനങ്ങൾ പോകവേ
ഉൾത്തരിപ്പൊടവൾതൻ പടിയ്ക്കൽവ–
ന്നത്തലോതി:''മൃതനായി നിൻപതി.'' 12

ബോധഹീനമലറീ പിടഞ്ഞെണീ–
റ്റൂഴി ചൂളുമളവുഗ്രരൂപിണി:

‘‘ആരു ചെയ്തതിതു നാടടക്കിടും
നീചനിഷ്ഠുരകലാപകാരികൾ! 13

‘ദേശസേവക’രിതിൻ പദാർത്ഥമാം
‘നാശകാരിക’; –ളതല്ലി വാസ്തവം!
മോശമിത്തൊഴിൽ,’’ ചവിട്ടിനീക്കിനാൾ
പേശലസ്മിതമുതിർത്ത ചർക്കയെ! 14

തുംഗഭീതിയൊടകന്നു,മോമലി–
ന്നിംഗിതം ലവമറിഞ്ഞിടാതെയും,
ഭംഗിയോടതു നമസ്കരിച്ചു സാ–
ഷ്ടാംഗ: ‘‘മെങ്ങൾ പിഴചെയ്തതെന്തുവാൻ?’’ 15

തീപ്പറത്തി മിഴി; കാളസർപ്പമാ–
യാർത്തുലഞ്ഞു ചികുരം ഭയാനകം;
ഉഗ്രമാമിടികണക്കു ദന്തമോ
കൂട്ടിമുട്ടി:യിവളെന്തു സുന്ദരി! 17

ഏഴ്

കാലമിത്തിരി കഴിഞ്ഞു പിന്നെയും
മാലകറ്റിയുമണച്ചുമങ്ങിനെ;
മേലിലുള്ള ഭരണം തിരഞ്ഞെടു–
പ്പാലെയാണ,തിനൊരുങ്ങിയാളുകൾ. 1

വോട്ടിനാളുകളെ വേട്ടയാടിടും
കൂട്ടർതൻ ബഹളമേതിടത്തിലും;
കേട്ടിതക്കഥകൾ ഭർത്തൃഹീനയായ്–
ക്കൂട്ടിലിട്ട കിളിപോലെ വാഴുവോൾ. 2

‘‘രാജകിങ്കരവധാദിദുഷ്കൃത–
വ്രാതമപ്പടി വിളിച്ചുചൊല്ലി ഞാൻ
ഹാ,ജനങ്ങളെ യഥാസ്ഥിതിയ്ക്കെഴും
രാജകക്ഷിയൊടിണക്കുമിന്നിമേൽ.’’ 3

ഇപ്രതിജ്ഞ നിറവേറ്റിയോ?– സതി–

യ്ക്കത്രയും കഠിനമായ നെഞ്ചി
അപ്പൊഴേക്കുമതിശീതളം ദ്രവി–
പ്പിയ്ക്കയൊായിളയ രണ്ടു ചുണ്ടുകൾ. 4

കാലമക്കമെനിതൻ കരങ്ങളിൽ–
ച്ചേലിലേകിയൊരു കൊച്ചുജീവിതം;
ആലശീല കലരാതതിൻ നറും–
പാലൊളിച്ചിരിയിലാണ്ടുപോയവൾ! 5